പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നം. 727

15.07.2014-ൽ മറുപടിക്ക്

## മറൈൻ ആംബുലൻസ്

ചോദ്യം

ഉത്തരം

| | | | |
|---|---|---|---|
| | ശ്രീ.ജോസ് തെറ്റയിൽ<br>ശ്രീ.സി.കെ. നാണു<br>ശ്രീമതി.ജമീലാ പ്രകാശം<br>ശ്രീ.മാത്യു റ്റി. തോമസ് | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി മറൈൻ ആംബുലൻസ് സംവിധാനം ആരംഭിക്കുമെന്ന് 2013-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) | 2013-14 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 3 കോടി രൂപ മറൈൻ ആംബുലൻസ് സംവിധാനത്തിനായി നീക്കി വച്ചിട്ടുള്ളതായി പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) | മറൈൻ ആംബുലൻസ് പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിന് പദ്ധതിയുടെ സ്പെസിഫിക്കേഷൻ കോൺസപ്റ്റ്, ഇംപ്ലിമെന്റേഷൻ എന്നിവയുടെ രൂപരേഖ തയ്യാറാക്കുന്നതിനായി വിവിധ വകുപ്പുകളിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു സബ്കമ്മിറ്റി രൂപീകരിക്കുകയും തുടർന്ന് മറൈൻ ആംബുലൻസ് രൂപകല്പന ചെയ്യാൻ തുറമുഖ വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) | മറൈൻ ആംബുലൻസ് സംവിധാനം ആരംഭിക്കുന്നതിന് ഉണ്ടായിട്ടുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ? | (സി) | മറൈൻ ആംബുലൻസ് സംവിധാനം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നു വരുന്നു. |

Jayasree

സെക്ഷൻ ഓഫീസർ